# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3754 17.12.2015-ൽ മറുപടിയ്ക്ക്

### വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (എ) സ്കൂൾ, കോളേജ് പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിനായി നിരന്തരം പരിശോധനകൾ നടത്തിവരുന്നു. കൂടാതെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, ക്ലീൻ കാമ്പസ് സേഫ് കാമ്പസ് എന്നീ പദ്ധതികൾ മുഖേന സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. ഇതിനു പുറമെ സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ശക്തമായ പോലീസ് പട്രോളിംഗും നിരീക്ഷണവും നടത്തുകയും ആരെങ്കിലും ലഹരി വസ്തുക്കൾ വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |
| (ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് എത്ര പേർക്കെതിരെ കേസെടുത്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് 16391 പേർക്കെതിരെ കേസെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) വിദ്യാർത്ഥികളിൽ ലഹരി ഉപയോഗിക്കുന്ന സ്വഭാവം ആരംഭദിശയിൽ തന്നെ തടയുന്നതിനായി സ്കൂൾ അധികൃതരുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വിശദാംശം ലഭ്യമാക്കാമോ ? | (സി) ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതിയിലൂടെയും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ അവരുടെ രക്ഷിതാക്കൾ, സ്റ്റുഡൻസ് പോലീസ് കേഡറ്റുകൾ എന്നിവരെ ഉൾപ്പെടുത്തി സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പിന്റെ സഹായത്തോടെയും മയക്കുമരുന്ന് ഉപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. കൂടാതെ ലഹരി വിരുദ്ധ ചിത്ര പ്രദർശനം, ചിത്രരചന, ബോധവൽക്കരണ റാലികൾ എന്നിവയും നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| Districts | ലഹരി വസ്തുക്കളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് കേസെടുത്തവരുടെ എണ്ണം |
|---|---|
| **TVMC** | 304 |
| **TVMR** | 409 |
| **KLMC** | 718 |
| **KLMR** | 741 |
| **PTA** | 623 |
| **ALP** | 934 |
| **KTM** | 835 |
| **IDK** | 233 |
| **EKMC** | 2790 |
| **EKMR** | 1584 |
| **TSRC** | 494 |
| **TSRR** | 624 |
| **PKD** | 1557 |
| **MPM** | 629 |
| **KKDC** | 520 |
| **KKDR** | 386 |
| **WYD** | 427 |
| **KNR** | 2333 |
| **KSD** | 250 |
| **RLY** | 0 |
| Total | 16391 |

സെക്ഷൻ ഓഫീസർ